(ബി) നിലവിലുള്ള ബോർഡിന്റെ കാലാവധി 1986 മാർച്ച് മാസം 20-ാം തീയതി അവസാനിച്ചു. എന്നാൽ ആക്ടിലെ വ്യവസ്ഥ പ്രകാരം ബോർഡ് പുനഃസംഘടിപ്പിക്കുന്നതുവരെ ഈ ബോർഡിന് തുടരാൻ കഴിയുന്നതാണ്.

(സി) ഉണ്ട്.

ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം

1015 [1906] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തെഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻവഴി 1985-86-ൽ വിതരണം ചെയ്ത വിദേശമദ്യം എത്ര രൂപയ്ക്കായിരുന്നു;

(ബി) 1985-86-ൽ ബിവറേജസ് കോർപ്പറേഷൻ ലാഭകരമായിട്ടായിരുന്നുവോ പ്രവർത്തിച്ചിരുന്നത്;

(സി) എങ്കിൽ ലാഭമെത്ര?

ഉത്തരം

(എ) 67.19 കോടി രൂപയ്ക്കായിരുന്നു.

(ബി) അതെ.

(സി) 3.05 കോടി രൂപ.

കെ. എസ്. ആർ. ടി. സി.

1016 [1907] ശ്രീ. ഒ. ഭരതൻ:
,, എം. ജിനദേവൻ:
,, കെ. മൂസ്സക്കുട്ടി:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നാണ് കെ. എസ്. ആർ. ടി. സി. പണം കടമെടുക്കാറുള്ളത്;

(ബി) ഇപ്പോഴത്തെ ഇതിൽ ഓരോ സ്ഥാപനത്തിനും കൊടുത്തു തീർക്കേണ്ട തുക പലിശസഹിതം എത്ര വീതം;

(സി) 1985-86-ൽ മൊത്തം കടമെടുത്ത സംഖ്യ എത്ര; 1984-85-ൽ ഇത് എത്രയായിരുന്ന?

ഉത്തരം

(എ) എൽ. ഐ. സി., എസ്. ബി. ഠറി., ഐ. ഡി. ബി. ഐ., സ്റ്റേറ്റ് ബാങ്ക്, ടി. ഡി. എഫ്. സി. മുതലായ സ്ഥാപനങ്ങളിൽനിന്ന്.

(ബി) എൽ. ഐ. സി.—807.60 ലക്ഷം രൂപ. പലിശ 14%, 15%.

LIBRARY ARCHIVES Kerala Legislative Assembly